# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 01**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കൊറോണ: ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

ജില്ലയിൽ കൊറോണ വൈറസ് ഭീതി പടരുന്ന സാഹചര്യത്തിൽ ജനങ്ങളിൽ പരിഭ്രാന്തി ഇല്ലാതാക്കുന്നതിന് പുന്നയൂർ പഞ്ചായത്ത് കൊറോണ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. പ്രതിരോധ മാർഗങ്ങൾ, ശ്രദ്ധിക്കേണ്ട ശുചിത്വ നടപടികൾ, 28 ദിവസത്തെ നിരീക്ഷണം എന്നിവ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ ഡോ. ടി. ജി. നിത വിശദീകരിച്ചു. തുടർന്ന് സംശയ നിവാരണ ചർച്ച നടന്നു. പുന്നയൂർ പഞ്ചായത്ത് പ്രസിഡന്റ് ബുഷര ഷംസുദ്ദീൻ, വൈസ് പ്രസിഡന്റ് ഐ. പി. രാജേന്ദ്രൻ, സി.ഡി.എസ് ചെയർപേഴ്സൻ നസീമ മജീദ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷഹർബാൻ, വാർഡ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

കയ്പമംഗലം ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ കൊറോണ വൈറസ് ആരോഗ്യ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്തും പ്രാഥമികാരോഗ്യ കേന്ദ്രവും സംയുക്തമായാണ് ക്ലാസും ജാഗ്രത ക്യാമ്പെയിനും സംഘടിപ്പിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ എം.എസ്.ബിനോജ്, എം.എം സക്കീർ എന്നിവർ ക്ലാസ് നയിച്ചു. ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകൾ, അങ്കണവാടി, കുടുംബശ്രീ അംഗങ്ങൾ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: പുന്നയൂർ പഞ്ചായത്തിൽ സംഘടിപ്പിച്ച കൊറോണ ബോധവത്കരണ ക്ലാസ്***

## കാർഷിക സർവകലാശാല കൃഷിക്കാർക്ക് വേണ്ടി: മന്ത്രി വി.എസ് സുനിൽകുമാർ

കാർഷിക സർവകലാശാല കൃഷിക്കാർക്ക് വേണ്ടിയാണെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ പറഞ്ഞു. കേരള കാർഷിക സർവകലാശാലയുടെ 49ാമത് സ്ഥാപക ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഇത് സംയോജിത കൃഷിയുടെ കാലമായതിനാൽ, കാർഷിക സർവകലാശാല വിഭജിച്ച് ഫിഷറീസ് സർവകലാശാലയും വെറ്ററിനറി സർവകലാശാലയും രൂപീകരിച്ചത് വേണമായിരുന്നോ എന്ന സന്ദേഹം മന്ത്രി പ്രകടിപ്പിച്ചു. ഒരുമിച്ച് ഒരു സർവകലാശാലയായി മാറുന്നതാണ് നല്ലത്. സി. അച്യുത മേനോന്റെ ദീർഘവീക്ഷണവും കാഴ്ചപ്പാടും ഈ സർവകലാശാല സ്ഥാപിക്കപ്പെട്ടതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയുടെ നേതൃത്വം വഹിക്കാൻ കാർഷിക സർവകലാശാലയ്ക്ക് കഴിഞ്ഞു.

ഈ സർക്കാറിന്റെ കാലത്ത് കാർഷിക സർവകലാശാല കോഴ്സുകളിൽ 200 സീറ്റുകൾ വർധിപ്പിച്ചതായി മന്ത്രി പറഞ്ഞു. 220 സീറ്റുണ്ടായിരുന്നത് 420 ആക്കി. ഏറെക്കാലത്തിന് ശേഷം 130

അസിസ്റ്റൻറ് പ്രൊഫസർമാരെ നിയമിച്ചു. ശേഷിച്ച അധ്യാപക തസ്തികൾ നികത്തും. സർവകലാശാല അസിസ്റ്റൻറ്, ക്ലാസ് ഫോർ നിയമനം നടത്തി വരികയാണ്. സർവകലാശാലയുടെ ആറ് സ്റ്റേഷനുകളിൽ തൊഴിലാളി നിയമനത്തിനായി അഭിമുഖം നടത്തി. വെള്ളാനിക്കര, മണ്ണുത്തി സ്റ്റേഷനുകളിലെ തൊഴിലാളി നിയമനം ഈ മാസം പൂർത്തിയാക്കും. സ്ഥാപിതമായി 50ാം വർഷത്തിലെത്തുമ്പോൾ സർവകലാശാല ഇ-ഗവേണൻസിലേക്ക് മാറേണ്ടത് അനിവാര്യമാണ്. ഗവേഷണ മേഖലയിൽ വിപ്ലവകരമായ മാറ്റം വേണം. അനാവശ്യമായ രാഷ്ട്രീയ ഇടപെടൽ ഗവേഷണ മേഖലയിൽ ഉണ്ടാവരുത്. മന്ത്രി പറഞ്ഞു.

മികച്ച കോളജിനുള്ള പുരസ്കാരം വെള്ളായണി കാർഷിക കോളജിനും മികച്ച റിസർച്ച് സ്റ്റേഷനുള്ള പുരസ്കാരം പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിനും മികച്ച അധ്യാപനത്തിനുള്ള പുരസ്കാരം ഡോ. ജയശ്രീ കൃഷ്ണൻകുട്ടിക്കും മികച്ച എകസ്റ്റെൻഷൻ സയൻറിസ്റ്റിനുള്ള പുരസ്കാരം ഡോ. ബെറിൻ പത്രോസിനും മികച്ച ഗവേഷകനുള്ള പുരസ്കാരം ഡോ. കെ.എൽ. കാർത്തികേയനും മന്ത്രി സമ്മാനിച്ചു. മുൻ വി.സിമാരായ ഡോ. കെ.വി. പീറ്റർ, കെ.ആർ. വിശ്വംഭരൻ എന്നിവർക്കും 30 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച ജീവനക്കാർക്കും മന്ത്രി ഉപഹാരം നൽകി.

ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ അധ്യക്ഷത വഹിച്ചു. കാർഷിക ഉൽപാദന കമീഷണർ ദേവേന്ദ്രകുമാർ സിംഗ് മുഖ്യപ്രഭാഷണം നടത്തി. സർവകലാശാല വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഡോ. സി.എൻ. രവിശങ്കർ, ഡോ. കെ. അരവിന്ദാക്ഷൻ, അനിത രാധാകൃഷ്ണൻ, രജിസ്ട്രാർ ഡോ. ഡി. ഗിരിജ എന്നിവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കേരള കാർഷിക സർവകലാശാല സ്ഥാപക ദിനാഘോഷം കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു***

## 'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാൽ പുനരുജ്ജീവനം : ജില്ലയിൽ ഇതുവരെ ശുചീകരിച്ചത് 50.117 കി.മീറ്റർ തോടുകൾ

ഹരിത കേരളമിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന 'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാൽ പുനരുജ്ജീവന യജ്ഞം അവസാനഘട്ടത്തിൽ. ഇതേവരെ 80 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കിയപ്പോൾ 50.117 കി. മീറ്റർ നീളത്തിൻ ജലാശയങ്ങൾ ശുചീകരിച്ചു കഴിഞ്ഞു. ബാക്കി ആറു പഞ്ചായത്തുകളിൽ ഈ മാസം പകുതിയോടെ ശുചീകരണം പൂർത്തിയാകും. 14,672 പേരുടെ സന്നദ്ധ പ്രവർത്തനമാണ് ഇക്കാലയളവിൽ ഈ പദ്ധതിക്കായി ലഭിച്ചത്. പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് ഒരു ലക്ഷം രൂപ വരെ വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ ഭൂരിഭാഗം പഞ്ചായത്തുകളിലും പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ആരോഗ്യ വിഭാഗം പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവർ അണിചേർന്നു.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു ദിവസം നീണ്ടുനിൽക്കുന്ന ശുചീകരണ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നത്. ശുചീകരണത്തിന്റെ ഭാഗമായി പ്രദേശവാസികൾക്ക് പഞ്ചായത്തുകളിൽ നിന്നുള്ളവർ നേരിട്ടുള്ള ബോധവത്ക്കരണവും നടത്തുന്നുണ്ട്. നീർച്ചാലുകളെ മലിനമാക്കാതിരിക്കാനും അതിലേക്ക് പ്ലാസ്റ്റിക്, മറ്റ് മാലിന്യങ്ങൾ എന്നിവ വലിച്ചെറിയാതിരിക്കാനും പ്രത്യേകം നിർദ്ദേശം നൽകുന്നുണ്ട്. തൊഴിലാളികൾക്കും പ്രദേശവാസികൾക്കുമൊപ്പം ജനപ്രതിനിധികളും അണിചേർന്നാണ് ശുചീകരണ പ്രവർത്തനം മുന്നോട്ടുപോകുന്നത്. ശുചീകരിച്ച ജലാശയങ്ങളെ തുടർന്നും മലിനമാക്കാതിരിക്കാനുള്ള നിർദേശങ്ങളും അധികൃതർ നൽകുന്നുണ്ട്.

ശുചീകരിച്ച ജലാശയങ്ങളിൽ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാനുള്ള മാർഗങ്ങളും പാർശ്വഭിത്തി നിർമ്മിക്കലും പാർശ്വഭിത്തി സംരക്ഷിക്കുന്നതിനായി ജൈവരീതികളും ഇതിന്റെ ഭാഗമായി അവലംബിച്ചു വരുന്നുണ്ട്. നീർച്ചാലുകളുടെ പുനരുജ്ജീവനത്തോടനുബന്ധിച്ച് വേനലിൽ ജലക്ഷാമം രൂക്ഷമായ ഭാഗങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്താൻ കഴിയുമെന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത. 2019 ഡിസം. 14 നാണ് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ തോളൂർ പഞ്ചായത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ സി മൊയ്തീൻ നിർവഹിച്ചത്.

## ഇനി നിർമ്മാണരംഗത്തേക്കും തൊഴിലുറപ്പുകാർ: സംസ്ഥാനത്തെ തൊഴിലുറപ്പ് അടുക്കള മതിലകത്ത്

കാട് വെട്ടലും കാനവൃത്തിയാക്കലും കയ്യാല നിർമ്മിക്കലും മാത്രമല്ല. കുഞ്ഞുങ്ങൾക്കുള്ള ഊട്ടുപുരകൂടി പണിയാൻ പ്രാപ്തരാണെന്ന് തെളിയിക്കുകയാണ് മതിലകത്തെ തൊഴിലുറപ്പ് പദ്ധതി അംഗങ്ങളായ വനിതകൾ. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടക്കുന്ന സ്ഥിരം പണികളിൽ നിന്നുള്ള വേറിട്ടൊരു സഞ്ചാരം. സംസ്ഥാനത്ത് ആദ്യമായി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പെണ്ണുങ്ങൾ നിർമ്മിച്ച അടുക്കളയിൽ നിന്നാണ് ഇനി മുതൽ മതിലകം പാപ്പിനിവട്ടം ഗവ. എൽ പി സ്കൂളിലെ കുട്ടികൾക്കുള്ള ഭക്ഷണം. ഉണ്ണികൾക്കുള്ള ഊട്ടുപുര പദ്ധതിയുടെ ഭാഗമായാണ് തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ അടുക്കള പണിയുന്നത് നിർമ്മാണപ്രവൃത്തികളിലേക്കുള്ള തൊഴിലുറപ്പ് ഗാഥ. ആധുനിക രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

30 വനിതകൾ ഭാഗമാകുന്ന അടുക്കള നിർമ്മാണം വിദഗ്ധരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. 10,85000 രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഊട്ടുപുര വഴി 354 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭിക്കും. 700 ചതുരശ്ര അടിയിൽ നിർമ്മിക്കുന്ന അടുക്കള 2020 ജൂൺ ഒന്നിന് നിർമ്മാണം പൂർത്തീകരിച്ച് കുട്ടികൾക്ക് തുറന്നുകൊടുക്കാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനം സജ്ജീകരിച്ചിരിക്കുന്നത്. ഊട്ടുപുരയ്ക്കായുള്ള കോൺക്രീറ്റ് ബ്ലോക്കുകൾ നിർമ്മിച്ച് നൽകുന്നതും മതിലകം പഞ്ചായത്തിലെ രണ്ട് കേന്ദ്രങ്ങളിൽ നിന്നുള്ള തൊഴിലുറപ്പ് തൊഴിലാളികൾ തന്നെയാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 515 കുടുംബങ്ങൾക്ക് നൂറ് തൊഴിൽ ദിനങ്ങളും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 18 പേർക്ക് പശു തൊഴുത്തും ജലസംരക്ഷണത്തിന്റെ ഭാഗമായി 30 പൊതുകിണർ പുനരുദ്ധാരണവും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നടപ്പിലാക്കി.

ഉണ്ണികൾക്ക് ഒരു ഊട്ടുപുരയുടെ തറക്കല്ലിടൽ കർമ്മം മതിലകം പാപ്പിനിവട്ടം ഗവൺമെന്റ് എൽ പി സ്കൂളിൽ ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ നിർവ്വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ബാലഗോപാലൻ, മതിലകം പഞ്ചായത്ത് പ്രസിഡന്റ് ഇ ജി സുരേന്ദ്രൻ, വിവിധ ജനപ്രതിനിധികൾ പങ്കെടുത്തു.

## തെളിവെടുപ്പ് യോഗം 3 ന്

അലുമനിയം ആൻഡ് ടിൻ പ്രൊഡക്ട്സ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനായുള്ള ഉപസമിതിയുടെ തെളിവെടുപ്പ് യോഗം ഫെബ്രുവരി മൂന്ന് രാവിലെ 11 ന് തൃശൂർ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേരും. ബന്ധപ്പെട്ട തൊഴിലാളി തൊഴിലുടമ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (ഇ) അറിയിച്ചു. ഫോൺ: 0487 2360469.

## സ്പെഷ്യൽ എജ്യുക്കേഷൻ ഡിപ്ലോമയ്ക്ക് അപേക്ഷിക്കാം

കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ഓട്ടിസം, സെറിബ്രൽ പാൾസി മേഖലകളിൽ സ്പെഷ്യൽ എജ്യുക്കേഷൻ ഡിപ്ലോമ കോഴ്സ് നടത്തുന്നു. താൽപര്യമുള്ളവർ പ്രവേശന പരീക്ഷയ്ക്കായി rehabcouncil.nic.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് ഏപ്രിൽ ആറ് മുതൽ 17 വരെ എൻഐപിഎംആറിൽ പരിശീലനം ലഭിക്കും. വിശദാംശങ്ങൾ www.nipmr.org.in എന്ന വെബ്സൈറ്റിലോ 9447949053, 7510870111 എന്ന നമ്പറിലോ നിന്ന് അറിയാം.

## ക്വട്ടേഷൻ

വനിത ശിശു വികസന വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന 97 അങ്കണവാടികൾക്ക് 2019-20 വർഷത്തെ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 10 ഉച്ച രണ്ട് മണി. ഫോൺ: 0487-2348388, 8281999212.

## പുനർദർഘാസ്

വനിത ശിശു വികസന വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന 97 അങ്കണവാടികൾക്ക് 2019-20 വർഷത്തെ പ്രീസ്കൂൾ കളിയുപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 10 ഉച്ച രണ്ട് മണി. ഫോൺ: 0487-2348388, 8281999212.

## പുന്നയൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ദേശീയ അംഗീകാരം

കേരളത്തിലെ മികച്ച നാല് ആരോഗ്യകേന്ദ്രങ്ങളിൽ ഒന്നായി പുന്നയൂർ കുടുംബാരോഗ്യ കേന്ദ്രത്തെ തിരഞ്ഞെടുത്തു. മികച്ച അടിസ്ഥാന സേവനങ്ങൾ ഒരുക്കി ജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം ഉറപ്പ് വരുത്തിയതിനാണ് അംഗീകാരം. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ വകുപ്പ് നടത്തിയ പരിശോധനയിലാണ് പുന്നയൂർ ആരോഗ്യകേന്ദ്രത്തിന് നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റ് ലഭിച്ചത്. 70 ശതമാനം മാർക്കിന് മുകളിൽ ഉള്ളവർക്ക് മാത്രമേ ഈ ദേശീയ അംഗീകാരം ലഭിക്കൂ എന്നിരിക്കെ പുന്നയൂർ 84 ശതമാനം മാർക്ക് കരസ്ഥമാക്കി. ജില്ല സംസ്ഥാന തല പരിശോധനക്ക് ശേഷമാണ് സംസ്ഥാനത്തെ മികച്ച നാല് ആരോഗ്യ കേന്ദ്രങ്ങളിൽ ഒന്നായി പുന്നയൂർ ആരോഗ്യ കേന്ദ്രത്തെ തിരഞ്ഞെടുത്തത്.

ഒ.പി വിഭാഗം, ലബോറട്ടറി, ഫാർമസി, പൊതുജനാരോഗ്യ വിഭാഗം, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനം, മാതൃ ശിശു ആരോഗ്യം, ജീവിത ശൈലി രോഗ നിയന്ത്രണം, പ്രതിരോധ കുത്തിവെപ്പ്, ഓഫീസ് നിർവ്വഹണം, ഡോക്ടർമാർ, ജീവനക്കാർ എന്നിവരുടെ സേവനം തുടങ്ങിയ വിഭാഗങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനമാണ് അംഗീകാരത്തിന് പരിഗണിച്ചതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ബുഷറ ശംസുദ്ദീൻ പറഞ്ഞു. ഡോക്ടർമാരും ജീവനക്കാരും ചേർന്നുള്ള കൂട്ടായ പ്രവർത്തനം അംഗീകാരത്തിന് സഹായകമായെന്നും സർക്കാർ ആശുപത്രികൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമാണിതെന്നും മെഡിക്കൽ ഓഫീസർ ഡോ. ടി. ജി നിത അഭിപ്രായപെട്ടു. പഞ്ചായത്ത് സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലാക്കി പഞ്ചായത്ത് പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കിയതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഐഎസ്ഒ സർട്ടിഫിക്കേഷൻ ആദരവും കഴിഞ്ഞ ദിവസം പഞ്ചായത്തിനു ലഭിച്ചിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: ദേശീയ അംഗീകാരം ലഭിച്ച പുന്നയൂർ കുടുംബാരോഗ്യ കേന്ദ്രം***

## നെല്ല് സംഭരണം; സപ്ലൈകോ ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 15 വരെ

കർഷകരിൽ നിന്ന് പരമാവധി നെല്ല് സംഭരിക്കാൻ ലക്ഷ്യമിട്ട് സപ്ലൈകോ ആരംഭിച്ച നെല്ല് സംഭരണത്തിന്റെ രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 15 വരെ. രണ്ടാംഘട്ടത്തിൽ തീയതി നീട്ടി നൽകില്ലെന്ന് സപ്ലൈകോ അധികൃതർ അറിയിച്ചു. അതിനാൽ ഈ സീസണിൽ കൃഷി തുടങ്ങിയവരടക്കം ആരും വിട്ടുപോകാതെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കണം. 270 കോടി മൂല്യമുള്ള ഒരു ലക്ഷം ടൺ നെല്ല് സംഭരിക്കുക എന്നതാണ് സപ്ലൈകോയുടെ ലക്ഷ്യം. ജില്ലയിൽ 5942 പേരാണ് ഇതിനകം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയത്. 1004 ടൺ നെല്ല് ഇതിനകം സംഭരിച്ചു കഴിഞ്ഞു. 2.7 കോടി രൂപയാണ് ഇതിന്റെ മൂല്യം. 38000 പേർ ആകെ രജിസ്റ്റർ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2020 ജൂൺ 30 വരെ സംഭരണം നീണ്ടുപോകും. ജില്ലയിൽ 41 മില്ലുകളാണ് സംഭരണ രംഗത്തുള്ളത്.

www.supplycopaddy.in എന്ന സൈറ്റ് വഴിയാണ് രജിസ്ട്രേഷൻ. ഓരോ പ്രദേശങ്ങളിലെയും കർഷകർ അതത് പ്രദേശത്തിന്റെ ചുമതലയുള്ള ഓഫീസർമാരുമായി ബന്ധപ്പെടണം. ഒല്ലൂക്കര,

മതിലകം, മുല്ലശ്ശേരി, ചാവക്കാട്, ചാലക്കുടി, തളിക്കുളം ബ്ലോക്കുകളിൽ ഉള്ളവർ 8281286348 എന്ന നമ്പറിലും കൊടകര, ചൊവ്വന്നൂർ, മാള, ചേർപ്പ്, വെള്ളാങ്ങല്ലൂർ ബ്ലോക്കുകൾ-9496360510, പഴയന്നൂർ. അന്തിക്കാട്, ഇരിങ്ങാലക്കുട, പുഴയ്ക്കൽ, വടക്കാഞ്ചേരി ബ്ലോക്കുകൾ-9400648973 എന്നീ നമ്പറുകളിലും ബന്ധപ്പെടണം. ജില്ലയിൽ ഇതുവരെയായി 15.50 കോടി രൂപ മൂല്യമുള്ള 5752 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 37270 പേർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ച തലപ്പിള്ളി താലൂക്കിൽ നിന്ന് മാത്രം 4833 ടൺ നെല്ലാണ് ലഭിച്ചത്.

## തിരഞ്ഞെടുപ്പ് ഫെബ്രുവരി 10 ന്

ഗുരുവായൂർ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഫെബ്രുവരി 10-ന് രാവിലെ 11 മണിക്ക് ഗുരുവായൂർ മുനിസിപ്പൽ കൗൺസിൽ ഹാളിൽ നടക്കും. തിരഞ്ഞെടുപ്പ് നടക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാരോ ജില്ലാ കളക്ടറോ അവധി പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടായാൽ തൊട്ടടുത്ത പ്രവൃത്തിദിവസം അതേ സമയത്തും അതേ സ്ഥലത്തും തെരഞ്ഞെടുപ്പ് നടത്തുമെന്ന് അധികൃതർ അറിയിച്ചു.

## ലോക തണ്ണീർതട ദിനാചരണം: കേദാരം 2020 സംഘടിപ്പിച്ചു

ലോക തണ്ണീർതട ദിനാചരണം- കേദാരം 2020 ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേഷൻ കോൺഫെറൻസ് ഹാളിൽ എഡിഎം റെജി പി ജോസഫ് ഉദ്ഘാടനം ചെയ്തു. ഉത്തര മേഖല മണ്ണ് പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ബേബി സുജാത അധ്യക്ഷയായി. മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പുകൾ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. മണ്ണ്, തണ്ണീർത്തടം, ജൈവ വൈവിദ്ധ്യം സംരക്ഷണതിന്റെ പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും നടന്നു. വിവിധ മേഖലകളിൽ വിജയം കൈവരിച്ച കർഷകരെയും വനിതാ സംരംഭകരെയും, മാധ്യമ പ്രവർത്തകരെയും വേദിയിൽ ആദരിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ സൗജന്യ വിത്ത് വിതരണം ഉദ്ഘാടനം ചെയ്തു. ജില്ലാ മണ്ണ് പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടർ പ്രീതി പി, ജില്ലാ മണ്ണ് പര്യവേക്ഷണ ഓഫീസർ എം എ സുധീർ ബാബു, തൃശൂർ തഹസിൽദാർ കെ മധുസൂദനൻ, മണ്ണ് പര്യവേക്ഷണ ഓഫീസർ ഡോ തോമസ് അനീഷ് ജോൺസൻ, റിസർച്ച് അസിസ്റ്റന്റ് ജെയ്സി സി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ലോക തണ്ണീർതട ദിനാചരണം എഡിഎം റെജി പി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു***

## കൊടുങ്ങല്ലൂർ നഗരസഭയിൽ ജീവനി പദ്ധതിക്ക് തുടക്കം

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജീവനി പദ്ധതിക്ക് കൊടുങ്ങല്ലൂർ നഗരസഭയിൽ തുടക്കം. പദ്ധതിയുടെ ബ്ലോക്ക് തല ഉദ്ഘാടനം അഡ്വ.വി ആർ സുനിൽ കുമാർ എംഎൽഎ പാടത്ത് പൊട്ടുവെള്ളരി വിത്തുകൾ പാകി ഉദ്ഘാടനം ചെയ്തു. മാധ്യമ പ്രവർത്തകർക്കുള്ള പച്ചക്കറി തൈകളുടെ വിതരണം നവാസ് പടുവിങ്കലിന് നൽകി എം എൽ എ നിർവ്വഹിച്ചു. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ അദ്ധ്യക്ഷത വഹിച്ചു. വി.ജി.ഉണ്ണികൃഷ്ണൻ, കൗൺസിലർ രശ്മി ബാബു, കൃഷി ഓഫീസർമാരായ എം.പി.ബാബു, അജിത്, സൈറാ ബാനു, ശിവദാസൻ പോളശ്ശേരി എന്നിവർ പങ്കെടുത്തു.

## എടത്തിരുത്തിയിൽ മുറ്റത്തെ മുല്ല പദ്ധതി

എടത്തിരുത്തി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതിക്ക് തുടക്കമിട്ടു. ബാങ്ക് അങ്കണത്തിൽ നടന്ന ചടങ്ങിൽ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ വായ്പ വിതരണം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് അധ്യക്ഷത വഹിച്ചു. കൊടുങ്ങല്ലൂർ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ സി.കെ.ഗീത പദ്ധതി വിശദീകരണം നടത്തി. ബാങ്ക് പ്രസിഡന്റ് പ്രശോഭിതൻ മുനപ്പിൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.വി.സതീഷ്, സി.ഡി.എസ് ചെയർപേഴ്സൺ ഐഷാബി മുഹമ്മദ്, പഞ്ചായത്തംഗങ്ങളും, രാഷ്ട്രീയ കക്ഷി നേതാക്കളും ചടങ്ങിൽ പങ്കെടുത്തു.

*ഫോട്ടോ അടിക്കുറിപ്പ്: മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി എടത്തിരുത്തി സർവ്വീസ് സഹകരണ അങ്കണത്തിൽ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ വായ്പ വിതരണം ഉദ്ഘാടനം ചെയ്യുന്നു*

## അസാപ് കമ്യൂണിറ്റി സ്കിൽ പാർക്ക് ഉദ്ഘാടനവും സ്കിൽ മിത്ര രജിസ്ട്രേഷനും ഇന്ന്

കുന്നംകുളത്ത് അസാപ് കമ്യൂണിറ്റി സ്കിൽ പാർക്ക് ഇന്ന് (ഫെബ്രു 2) മുതൽ പ്രവർത്തനമാരംഭിക്കും. ഇതിന്റെ ഭാഗമായി അഡ്മിഷൻ രജിസ്ട്രേഷൻ എക്സിബിഷനായ സ്കിൽ മിത്ര രാവിലെ 9 മുതൽ വൈകീട്ട് 5.30 വരെ കുന്നംകുളം ഗവ. മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും.

രാവിലെ 9 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും. കുന്നംകുളം നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ അധ്യക്ഷത വഹിക്കും. നഗരസഭ വൈസ് ചെയർമാൻ പി എം സുരേഷ്, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ വി സുമതി, അസാപ് സി ഇ ഒ ഡോ. വീണ എൻ മാധവൻ, സി എസ് പി സീനിയർ പ്രോഗ്രാം മാനേജർ കെ അബി തുടങ്ങിയവർ പങ്കെടുക്കും.

സ്കിൽ മിത്ര വഴി അഡ്മിഷൻ നേടുന്നവർക്ക് രണ്ടു ദിവസം മുതൽ ഒരു വർഷം വരെയുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പഠിക്കാം. കൂടാതെ സ്കിൽ പാർക്കിൽ അറബി, ജാപ്പനീസ് ഭാഷകളും കോഴ്സായി പഠിക്കാം. കുന്നംകുളം പട്ടാമ്പി റോഡിലെ ലാവിഷ് ആർക്കേഡിലാണ് അസാപ് കമ്യൂണിറ്റി സ്കിൽ പാർക്ക് താൽകാലികമായി പ്രവർത്തിക്കുക.

## ജില്ലാ ആസൂത്രണ സമിതി 3 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ഫെബ്രുവരി മൂന്ന് വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.